**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4636 — 13.11.2019 ൽ മറുപടിയ്ക്ക്

# കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസിലെ ഒഴിവുകൾ

*ചോദ്യം*
ശ്രീ.എം. വിൻസെന്റ് :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസിൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | **(എ)** കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) അപേക്ഷ ക്ഷണിച്ചിരുന്നു |
| **(ബി)** പ്രസ്തുത തസ്തികകൾക്ക് സർക്കാർ നിശ്ചയിച്ച ശമ്പളം എത്രയാണ്; അപേക്ഷ ക്ഷണിച്ചപ്പോൾ സർക്കാർ നിശ്ചയിച്ചതിനെക്കാൾ ഉയർന്ന ശമ്പള നിരക്ക് വിജ്ഞാപനത്തിൽ കാണിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | **(ബി)** ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിൽ യഥാക്രമം 70,000/- രൂപയും 25,000/- രൂപയുമാണ് സർക്കാർ ശമ്പളമായി നിശ്ചയിച്ചിട്ടുള്ളത്.<br><br>വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ ആരംഭിച്ച സ്ഥാപനമാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE). KASE നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളെയും ഏകീകരിച്ച് സുദൃഢമായ വ്യാവസായിക ബന്ധം ഉറപ്പുവരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുമായി നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായി ബന്ധം സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ഒരു സ്കിൽ സെക്രട്ടേറിയറ്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ |

| | | |
|---|---|---|
| | | KASE-ന്റെ പ്രവർത്തങ്ങൾ വിപുലീകരിക്കപ്പെട്ട സാഹചര്യത്തിൽ മികച്ച നേതൃത്വ പാടവവും അനുബന്ധമേഖലകളിലെ പ്രവൃത്തിപരിചയവുമുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിനായി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലേക്ക് പരമാവധി അനുവദിക്കാവുന്ന ശമ്പളം യഥാക്രമം 1,20,000/- രൂപ, 50,000/- രൂപ എന്ന് കാണിച്ചുകൊണ്ട് KASE പരസ്യ വിജ്ഞാപനം നൽകിയിരുന്നു. എന്നാൽ തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥിയുടെ യോഗ്യതകൾ അനുസരിച്ച് സർക്കാർ നിശ്ചയിച്ച ശമ്പളത്തേക്കാൾ ഉയർന്നത് നല്കേണ്ടതായി വരുകയാണെങ്കിൽ സർക്കാർ അനുമതി തേടിയതിനുശേഷം മാത്രമേ ശമ്പളം നിശ്ചയിക്കു എന്നാണ് KASE തീരുമാനിച്ചിരുന്നത്. ലഭിക്കാവുന്ന ഏറ്റവും ഉയർന്ന ശമ്പള പരിധിയാണ് വിജ്ഞാപനത്തിൽ കാണിച്ചിരുന്നത്. |
| **(സി)** സർക്കാർ ഗ്രാന്റ് നൽകുന്ന സ്ഥാപനങ്ങളിൽ കരാർ കാലാവധി ഒരു വർഷമാക്കി ധനവകുപ്പ് ഉത്തരവ് നിലവിലുള്ളപ്പോൾ മൂന്ന് വർഷത്തേക്ക് കരാർ നിയമനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | | **(സി)** സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ് കിൽസ് എക്സലൻസ് നടപ്പിലാക്കുന്ന നൈപുണ്യവികസന പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതും നിരന്തരമായ ഇടപെടലുകൾ ആവശ്യമായതുമായ പ്രോജക്ടുകൾ ആണ്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ നിയമനം നടത്തി ഇടയ്ക്കിടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാറിവരുന്നത് പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിക്കും.ആയതിനാൽ സെക്ഷൻ 25 കമ്പനി ആയി രജിസ്റ്റർ ചെയ്തിട്ടുള്ള KASE ന്റെ ബോർഡ് അംഗീകരിച്ച പ്രകാരം കരാർ കാലാവധി മൂന്നുവർഷമായി നിശ്ചയിച്ചിട്ടുണ്ട് .എന്നാൽ വാർഷിക പ്രവർത്തന അവലോകനം നടത്തിയ ശേഷം മാത്രമേ ഉദ്യോഗസ്ഥർക്ക് തുടർച്ചാനുമതി നൽകുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ